## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2835.** **06.02.2018 ൽ മറുപടിയ്ക്ക്**

## സ്റ്റുഡന്റ് എക്സൈസ് കേഡറ്റ് രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂളുകളിലെ ലഹരി ഉപയോഗ നിർമ്മാർജ്ജനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ; | എ) | ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'വിമുക്തി' എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ കുട്ടികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കു വാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സ്കൂൾ, കോളേജ് കുട്ടികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരാനായി കഴിഞ്ഞിട്ടുണ്ട്. ലഹരിക്കെതിരെ 'കായികലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ചു നയിക്കുന്നതിനായുള്ള പ്രവർത്തന ങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 19 വയസ്സിൽ താഴെയുള്ള സീനിയർ ആൺകുട്ടികൾക്കായി സംസ്ഥാനതലത്തിൽ കബഡി മത്സരം നടത്തുകയു ണ്ടായി. സ്പോർട്ട്സ് കൗൺസിലുമായി സഹകരിച്ചു കൊണ്ട് കായിക രംഗത്ത് 'കായികലഹരി' യുടെ ഭാഗമായി കൂടുതൽ പ്രവർത്തനങ്ങൾ നടത്തുവാൻ പദ്ധതിയുണ്ട്. സ്കൂൾ പരിസരങ്ങളിൽ നിരന്തരം പരിശോധനകൾ നടത്തി കേസുകൾ കണ്ടുപിടിച്ച് എൻ.ഡി.പി.എസ്, കോട്പ ആക്ടുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിനും ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കുമായി സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ മാതൃകയിൽ സ്റ്റുഡന്റ് എക്സൈസ് കേഡറ്റ് രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; | (ബി) | സ്റ്റുഡന്റ് എക്സൈസ് കേഡറ്റ്സ് രൂപീകരിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | സ്റ്റുഡന്റ് എക്സൈസ് കേഡറ്റ് രൂപീകരിക്കുന്നതിനായി ഏതെങ്കിലും സ്കൂളുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ? | (സി) | അപേക്ഷകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**